# പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.29 28/05/2019- ൽ മറുപടി നൽകേണ്ടത്**

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ പ്രോജക്ട് ഓഫീസ്**

| ചോദ്യം<br><br>ശ്രീ. ടി.എ.അഹമ്മദ് കബീർ | | | മറുപടി<br><br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള സംസ്ഥാനത്തെ ഭൂമി ഡേറ്റാ ബാങ്ക് തയ്യാറാക്കേണ്ട കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ പ്രോജക്ട് വിഭാഗം ഓഫീസ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നറിയിക്കുമോ; | (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് വിഭാഗം പ്രവർത്തനക്ഷമമാണ്. |
| (ബി) | പ്രസ്തുത ഓഫീസ് പ്രവർത്തിക്കാത്തതിനാൽ പ്രളയത്തിന്റെ ഭാഗമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ഉപഗ്രഹ മാപ്പ് ആവശ്യപ്പെട്ട് അയച്ച അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ? | | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ